LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയുടെ പുനരുദ്ധാരണം

231 (4222) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ ശാക്തീകരണത്തിനായി നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്നും, ഏതെല്ലാം ജില്ലകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ ശാക്തീകരണത്തിനായി നൽകിയ സഹായങ്ങളും ജില്ലകൾക്ക് അനുവദിച്ച തുകയും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

കൈത്തറി പുനരുദ്ധാരണ പദ്ധതി

232 (4223) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് എത്ര രൂപ നല്കിയെന്നും എന്നാണ് പണം നൽകിയതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുവോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) വിതരണം ചെയ്തിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണ് വിതരണം ചെയ്യാത്തതെന്നും എന്ന് വിതരണം ചെയ്യുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം (റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ്) ഒന്നാംഘട്ടത്തിൽ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 23.03 കോടി രൂപ 19-3-2013-ൽ നബാർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കേന്ദ്രവിഹിതമായി 141 കോടി രൂപ അനുവദിച്ചതിൽ ഒന്നാംഗഡുവായി 58 കോടി രൂപ 23-7-2014-ലും രണ്ടാംഗഡുവായി 83 കോടി രൂപ 24-9-2014-ലും ലഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.